(9) ചന്തിരൂർ തോട്ടിലെ മലിനീകരണം

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, അരൂർ നിയോജകമണ്ഡലത്തിലെ ചന്തിരൂർ തോട്ടിലെ ജലമലിനീകരണം ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കാൻ തുടങ്ങിയിട്ട് കുറെക്കാലമായി. അതിന്റെ അടിസ്ഥാനത്തിലാണെന്നാണ് എനിക്ക് തോന്നുന്നത് കുറച്ചുകാലം മുമ്പ് ആ തോടു വറ്റിച്ചു അതിലെ മലിനീകരണം നീക്കം ചെയ്യുന്നതിനുള്ള നടപടി തുടങ്ങിയിരുന്നു. ഏതുകാരണമാണെന്ന് അറിയില്ല; ദുരൂഹ സാഹചര്യത്തിൽ അത് നിർത്തിവച്ചു. ഏതാണ്ട് അമ്പതോളം പീലിംഗ് ഷെഡ്ഡുകളിൽനിന്നും പതിനെട്ടോളം ഐസ് ഫാക്ടറികളിൽനിന്നും പന്ത്രണ്ടോളം ഫ്രീസറുകളിൽനിന്നുമെല്ലാം ഉണ്ടാകുന്ന വെള്ളവും വേസ്റ്റുകളും ആ തോട്ടിലാണ് നിക്ഷേപിക്കുന്നത്. ഇതിന്റെ ഫലമായി തോട്ടിൽ നിറയെ പുഴുക്കളുണ്ടാകുന്നു. ഏതാണ്ട് മുന്നൂറ് നാനൂറ് മീറ്റർ ആകലെയുള്ള നാഷണൽ ഹൈവേയിൽ കൂടി പോകുന്ന ആളുകൾക്ക് ഈ തോട്ടിലെ നാറ്റം അറിയാൻവേണ്ടി സാധിക്കും. അത്ര നാറ്റമാണ്. അവിടെയുള്ള ആളുകൾക്ക് കുടിക്കാൻ വെള്ളമില്ല. അവിടെ ഉണ്ടായിരുന്ന കുഴൽകിണറിൽ വെള്ളമില്ല. എല്ലാവരും ഫിൽട്ടർ പോയിന്റും മറ്റുമൊക്കെ ഉപയോഗിച്ച് ഗ്രൗണ്ട് വാട്ടർ എടുക്കുന്നതിന്റെ ഫലമായിട്ടായിരിക്കാം അരൂർ പഞ്ചായത്തിൽ വെള്ളമില്ലാതായത്. ഇത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടാണ്. ഈ തോട്ടിലെ വെള്ളം വറ്റിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം, ഇത് വറ്റിക്കുന്നതിനുവേണ്ടി ഈ തോട്ടിലെ വെള്ളം അടുത്ത സ്ഥലത്തേയ്ക്ക് പമ്പ് ചെയ്യാൻ സാധിക്കാത്ത തരത്തിൽ അത്ര മോശമായ വെള്ളമാണ്. ഈ തോട്ടിലെ മലിനീകരണം ഏതെങ്കിലും വിധത്തിൽ മാറ്റിത്തീർക്കണമെന്ന് ഇതിനുവേണ്ടി രൂപീകരിച്ച ആക്ഷൻ കൗൺസിലും അവിടത്തെ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വളരെക്കാലമായി. അതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ എഴുത്തും കൊടുത്തു. ഇത് അടിയന്തിരമായി ചെയ്തില്ലെങ്കിൽ കുട്ടികൾക്ക് ഛർദ്ദി തുടങ്ങിയ പല അസുഖങ്ങളും വരും. അതുപോലെ തോടിലും കിണറുകളിലുമെല്ലാം ചുവന്ന ചെറിയ ചെറിയ പുഴുക്കൾ ഉണ്ടായി കൊണ്ടിരിക്കുന്നു. ആ നാട്ടിൽ കുടിക്കാനും വെള്ളമില്ല. അതാണ് സ്ഥിതി. ഇതിനു പരിഹാരമുണ്ടാക്കത്തക്ക വിധത്തിൽ നടപടി എടുക്കണം. നടപടി എടുത്തില്ലെങ്കിൽ വളരെ കഷ്ടമാണ്. ഒരാളോ മറ്റോ ആ നാട്ടിൽനിന്ന് വേറൊരു സ്ഥലത്തുപോയി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട് ജപ്പാൻജ്വരം കൊണ്ടു മരിക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് വയറിളക്കം തുടങ്ങിയ അസുഖങ്ങൾ പിടിപെട്ട് ആകെ നാശമായിരിക്കുന്നു. ഇന്നത്തെ നിലയിൽ സെൻട്രൽ ഗവൺമെന്റിന്റെ ഫിഷറീസ് ഡിപ്പാർട്ടുമെന്റുമൊക്കെ ഈ കാര്യത്തിൽ സഹായം തരേണ്ടതാണ്. ആ വിധത്തിൽ എല്ലാ സഹായവും ഉപയോഗിച്ച് ആളുകൾ താമസമില്ലാത്ത വല്ല ദ്വീപുകളിലോ മറ്റോ ആ വെള്ളം പമ്പു ചെയ്തു കൊണ്ടുപോയി അവിടത്തെ മലിനീകരണം ഇല്ലാതാക്കുന്നതിനുവേണ്ട നടപടികൾ എടുത്തില്ലെങ്കിൽ അവിടെ കൂട്ടമരണങ്ങളുണ്ടാകുമെന്ന സ്ഥിതി വന്നിരിക്കുകയാണ്. അരൂർ മുതൽ കുമ്പളങ്ങിവരെ പൈപ്പ് ലൈൻ ഇട്ടിട്ട് ആ പൈപ്പിൽക്കൂടി ഒരു തുള്ളി വെള്ളവും ആ നാട്ടുകാർക്ക് കൊടുക്കുന്നുമില്ല. അതാണ് സത്യം. അതുകൊണ്ട് അടിയന്തിരമായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഈ കാര്യത്തെ സംബന്ധിച്ച് ശ്രീമതി ഗൗരിയമ്മയുടെ ഒരു കത്ത് എനിക്ക് നേരത്തെ കിട്ടിയിരുന്നു. കത്ത് കിട്ടിയപ്പോൾതന്നെ അതിൻമേൽ അടിയന്തിര നടപടി സ്വീകരിക്കാനും ബന്ധപ്പെട്ട ജനപ്രതിനിധികളേയും മറ്റുള്ളവരേയും വിളിച്ച് ഒരു കോൺഫറൻസ് നടത്തി ശക്തമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കാനും ഞാൻ ആലപ്പുഴ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ പല ഡിപ്പാർട്ടുമെൻറുകളും ഇൻവോൾവ്ഡാണ്. അതുകൊണ്ട് കളക്ടറുടെ പ്രാഥമിക കോൺഫറൻസിനുശേഷം എല്ലാവരുംകൂടി ചേർന്നുകൊണ്ടേ എന്തെങ്കിലും ചെയ്യാൻ പറ്റുകയുള്ളൂ. ഏതായാലും ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ഉണ്ടായിട്ടുള്ള ഈ ബുദ്ധിമുട്ട് പരിഹരിക്കേണ്ടത് ആവശ്യമാണ്. അതിന് കളക്ടർ നിയമാനുസൃത നടപടി സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിൻെറ റിപ്പോർട്ട് കിട്ടി കഴിഞ്ഞാൽ അനന്തര നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അങ്ങനെ ഒരു കോൺഫറൻസ് നടന്നിട്ടില്ല. ഞാൻ മിനിഞ്ഞാന്നാണ് ആലപ്പുഴയിൽനിന്ന് വന്നത്.

ശ്രീ. വി. എം. സുധീരൻ: കളക്ടർക്ക് കമ്മ്യൂണിക്കേഷൻ പോയിട്ടുണ്ടാകും. ഞാൻ ഒന്നുകൂടി അന്വേഷിക്കാം.

(10) മുഴക്കീൽ, കാടങ്കോട് പ്രദേശങ്ങളിൽ ഉണ്ടായ ഭക്ഷ്യ വിഷബാധ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): സർ, ഇത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഗവൺമെൻറിൻെറയും ആരോഗ്യവകുപ്പു മന്ത്രിയുടേയും ശ്രദ്ധയിൽ ഞാൻ ഇത് പെടുത്തുകയാണ്. ഇക്കഴിഞ്ഞ 9-ാം തീയതി എൻെറ മണ്ഡലത്തിലെ ചെറുവത്തൂർ പഞ്ചായത്തിലെ മുഴക്കീൽ, കാടങ്കോട് പ്രദേശങ്ങളിൽ ഭക്ഷ്യവിഷബാധയേറ്റ് കുട്ടികളും സ്ത്രീകളും പുരുഷൻമാരും ഉൾപ്പെടെ എഴുപതിൽപ്പരം ആളുകൾ ജില്ലാ ആശുപത്രിയിൽ ചികിൽസയിലാണ്. ഇവരുടെ രോഗലക്ഷണങ്ങളായി കാണുന്നത് കടുത്ത പനിയും തലവേദനയും നടുവുവേദനയുമാണ്. പ്രസ്തുത പ്രദേശത്തെ ജനങ്ങൾ വളരെ ഉത്കണ്ഠയിലാണ്. അടിയന്തിര പ്രതിരോധ നടപടികൾ ഉണ്ടാകണം. അതോടൊപ്പംതന്നെ ഞാൻ വേറൊരു സബ്മിഷനും കൊടുത്തിരുന്നു. കാസർകോട് ജില്ലാ ആശുപത്രിയിലാണ് ഈ രോഗികളൊക്കെ ഉള്ളത്. ഇത്തരം അസാധാരണ ഘട്ടങ്ങൾ വരുമ്പോൾ ചികിൽസ ലഭിക്കേണ്ടതേ കാസർകോട് ജില്ലാ ആശുപത്രിയിൽ നിന്നാണ്. അവിടെ കാഷ്വാലിറ്റിയിൽ ഇപ്പോൾ അനുവദിക്കപ്പെട്ട ഡോക്ടർമാരുടെ എണ്ണം നാലാണ്. പക്ഷേ നിലവിൽ ഒറ്റ ഡോക്ടർ മാത്രമാണുള്ളത്. അതുപോലെതന്നെ ഒരു വർഷക്കാലമായി അവിടെ ഒരു സർജൻെറ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. കഴിഞ്ഞ വർഷം ജനറൽ ട്രാൻസ്ഫർ നടന്നപ്പോൾ സ്ഥലം മാറ്റിയതിനു ശേഷം പുതിയ ഡോക്ടറെ പോസ്റ്റ് ചെയ്തില്ല. അതുകൊണ്ടുതന്നെ ഇത്തരം അത്യാവശ്യ ഘട്ടങ്ങളിൽ ചികിൽസ ലഭിക്കേണ്ടുന്ന രോഗികൾ വളരെയേറെ വിഷമിക്കുകയാണ്. അതുപോലെതന്നെ കാസർകോട്

LIBRARY ARCHIVES Kerala Legislative Assembly